**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2432** **07-07-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനത്തിൽ വീഴ്ചകൾ ഉള്ളതുകൊണ്ടാണോ സംസ്ഥാന ജി.എസ്.ടി. വകുപ്പ് സമഗ്രമായി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് നികുതി സംവർധനത്തിനും അതിന്റെ നിർവഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |
| (ബി) | നികുതി വെട്ടിപ്പ് പെരുകുകയും നികുതി വരുമാനം പ്രതീക്ഷയ്ക്കൊത്ത് ഉയരാതിരിക്കുകയും ചെയ്യുന്നത് കണക്കിലെടുത്താണ് പുനഃസംഘടന നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടില്ല. |
| (സി) | ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ